**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കിഴക്കേക്കര സെന്റ് മേരീസ് എച്ച്.എസ്.എസ്.ലെ യു.പി.എസ്.എ. ശ്രീമതി സൂസമ്മ.എം.സി. ഫയൽ ചെയ്ത **WP(C)No.13280/2025** ന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച **04.04.2025** ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**10423/2025/GEDN** തീയതി,തിരുവനന്തപുരം, **22-12-2025**

---

പരാമർശം:-

1. ശ്രീമതി സൂസമ്മ എം.സി 15.02.2025 തീയതിയിൽ സമർപ്പിച്ച ഹർജി **(Ext.P3)**
2. ശ്രീമതി സൂസമ്മ.എം.സി. ഫയൽ ചെയ്ത **WP(C)No.13280/2025** ന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച **04.04.2025** ലെ വിധിന്യായം
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **16.06.2025** ലെ **DEOKTR/638/2025-B4** നമ്പർ കത്ത്
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **01.07.2025** ലെ **E.T1/11486/2025/DGE** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കിഴക്കേക്കര സെന്റ് മേരീസ് എച്ച്.എസ്.എസ്.ലെ യു.പി.എസ്.എ. ശ്രീമതി സൂസമ്മ.എം.സി. ഫയൽ ചെയ്ത **WP(C)13280/2025** ന്റെ **04.04.2025**ലെ വിധിന്യായം നടപ്പിലാക്കുന്നതിലേയ്ക്കായി സമർപ്പിച്ച ഹർജിയിൽ **10.07.2025** തീയതിയിൽ വാദം കേട്ടു.

**2.ഹർജിക്കാരിയുടെ വാദം താഴെപ്പറയും പ്രകാരമായിരുന്നു:**

പട്ടം എം.എസ്.സി. സ്കൂൾസ് തിരുവനന്തപുരം കോർപ്പറേറ്റ്

എഡ്യൂക്കേഷണൽ ഏജൻസിയുടെഉടമസ്ഥതയിൽ ഉള്ള സെൻ്റ് മേരീസ് എച്ച്.എസ്.എസ്. സ്കൂളിൽ 2006-07-ലെ പ്രതിക്ഷിത അധിക ഡിവിഷൻ ഒഴിവിൽ യു.പി.എസ്.എ. തസ്തികയിൽ 02/06/2008 മുതൽ മാനേജ്മെൻ്റ് എന്നെ നിയമിക്കുകയുണ്ടായി. എന്നാൽ ടി നിയമനത്തിന് വിദ്യാഭ്യാസ ആഫീസർ നിയമനാംഗീകാരം നിഷേധിക്കുകയുണ്ടായി. എന്നാൽ സ.ഉ.(പി)നമ്പർ. 10/2010/പൊ.വി.വ. തീയതി 12.01.2010 ഉത്തരവിൽ കൂടി സർക്കാർ പുതിയ തസ്തികയിന്മേൽ ഏർപ്പെടുത്തിയിരുന്ന നിരോധനം പിൻവലിക്കപ്പെടുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ 2006-07 - 2009-10 കാലയളവിൽ പുതിയതായി സൃഷ്ടിക്കപ്പെടുന്ന തസ്തികകളിൽ മാനേജ്മെൻ്റ് നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കപ്പെടണമെങ്കിൽ തത്തുല്ല്യ എണ്ണം സംരക്ഷിതാധ്യാപകരെ 2010-നുശേഷം ഉണ്ടാകുന്ന പുതിയ ഒഴിവുകളിൽ നിയമിക്കാമെന്ന സമ്മതപത്രം 5 0 രൂപയുടെ മുദ്രപത്രത്തിൽ മാനേജർ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത വ്യവസ്ഥ പട്ടം എം.എസ്.സി. സ്കൂൾസ് എഡ്യൂക്കേഷണൽ ഏജൻസി പാലിക്കാൻ വിസമ്മതിച്ചതിനെ തുടർന്ന് നിയമാനുസൃതമായി അംഗീകാരിക്കപ്പെടേണ്ട എൻ ്റെ 02/06/2008 മുതലുള്ള യു.പി.എസ്.എ. തസ്തികയിലെ നിയമനം അംഗീകരിക്കാതെ വന്ന സാഹചര്യത്തിൽ 2 0 0 6 - 0 7 മുതൽ 2009-10 കാലയളവിൽ നിയമനാംഗീകാരം ലഭിയ്ക്കാതെ സർവ്വീസിൽ തുടർന്നുവന്നിരുന്ന എല്ലാ എയ്ഡഡ് സ്കൂൾ നിയമനാർത്ഥികളുടെയും നിയമനാംഗീകാരം 01/06/2011 മുതൽ അംഗീകരിച്ച് ഉത്തരവ് നൽകാൻ 01/10/2011-ലെ ജി.ഒ.(പി) നം. 199/പൊ.വി.വ. ഉത്തരവിൽ നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് എൻ്റെ 02/06/2008 മുതൽ പുതിയ ഡിവിഷൻ ഒഴിവിൽ സെൻ്റ് മേരീസ് എച്ച്.എസ്.എസ്. കിഴക്കേകരയിലെ യു.പി.എസ്.എ. തസ്തികയിലെ നിയമനത്തിന് 01/06/2011 മുതൽ നിയമനാംഗീകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ 24/12/2011-ലെ ബി4-11255/2011/ഡി.ഡിസ് ഉത്തരവിൽ കൂടി നൽകി ഉത്തരവു നൽകുകയുണ്ടായി.

01/06/2011 നു മുമ്പുള്ള നിയമനാംഗീകാരം പിന്നീട് ഒരോന്നിൻ്റെയും മെറിറ്റ് അടിസ്ഥാനത്തിൽ തീരുമാനിക്കുമെന്ന് 25/10/2011-ൽ പുറപ്പെടുവിച്ച

**60930/2011**/പൊ.വി.വ. എന്ന സർക്കാർ കത്തിൽ കൂടി സർക്കാർ സ്പഷ്ടീകരിക്കുകയുണ്ടായി. കൂടാതെ **01/06/2011**-നു മുമ്പ് ആരംഭിച്ചിട്ടുള്ള പുതിയ ഡിവിഷൻ തസ്തികയിലെ നിയമനങ്ങൾ കെ.ഇ.ആർ. ഭേദഗതി നിലവിൽ വന്നതിനുശേഷം പുനർപരിശോ ധനയ്ക്ക് വിധേയമാക്കി ചട്ടപ്രകാരമുള്ള തീരുമാനം കൈക്കൊള്ളുമെന്നും നിഷ്കർഷിച്ചിരുന്നു. **03/12/2016**-ൽ കെ.ഇ.ആർ. ഭേദഗതിയിലും തുടർന്ന് **08/03/2019**-ൽ പ്രസ്തുത നിയമ ഭേദഗതിക്ക് സ്പഷ്ടീകരണവും സർക്കാർ നൽകുകയുണ്ടായി. ഇവയിലെല്ലാം നിയമനാംഗീകാരത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത് **29/01/2016** മുതലുള്ള പുതിയ തസ്തികയിലെ നിയമനത്തിനും **22/05/1979** -ന് ശേഷം സ്ഥാപിതമായ പുതിയ സ്കൂളുകളിലേയും മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ നിയമനങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തുകയുണ്ടായി. ഈ കാരണത്താലാകും **29/01/2016**-ലെ സ.ഉ.(പി) നം. **29/2016**/പൊ.വി.വ. പ്രകാരം **2011/2012** മുതൽ **2015-2016** വരെയുള്ള കാലയളവിലെ പുതിയ തസ്തികയിലെ നിയമനങ്ങൾക്ക് എല്ലാ സാമ്പത്തികാനുകൂല്യത്തോട് അംഗീകാരം നൽകാൻ ഉത്തരവുണ്ടായത്. അതിലുപരി **06/02/2021**-ലെ സ.ഉ.(പി) നം. **04/2021** പ്രകാരം **2016-17** മുതൽ **2019-20** വരെയുള്ള കാലയളവിലെ പുതിയ തസ്തികകളിലെ നിയമനങ്ങൾക്കും നോഷണലായി അംഗീകാരം നൽകാൻ ഉത്തരവുണ്ടായെങ്കിലും, **2006-07** മുതൽ **31/05/2011** വരെ നിയമിക്കപ്പെട്ടവരുടെ വിഷയത്തിൽ നാളിതുവരെ ഒരു പൊതുനിർദ്ദേശവും സർക്കാർ ഭാഗത്തു നിന്നും ഉണ്ടാകാത്ത സാഹചര്യത്തിലാണ് നീതി തേടി ബഹു. കോടതിയെ സമീപിക്കുവാൻ ഞാൻ നിർബ്ബന്ധിതയായത്. കൂടാതെ എ.ഇ.ഒ. കുണ്ടറയുടെ ഭരണപരിധിയിൽ പ്രവർത്തിക്കുന്ന എം.ജി.യു.പി.എസ്. പെരുമ്പുഴയിൽ **01/06/2007** മുതൽ **31/03/2008** വരെ യു.പി.എസ്.എ. തസ്തികയിലെ താത്ക്കാലിക ഒഴിവിൽ അംഗീകാരം നേടി **51** എ അവകാശവും നേടിയിട്ടുള്ളതിനാൽ കെ.ഇ.ആർ. ചട്ട പ്രകാരം സംരക്ഷിതാധ്യാപകരേക്കാൾ മുൻഗണന അർഹിക്കുന്നുണ്ട്.

സമാനമായ സാഹചര്യം അഭിമുഖീകരിച്ചിരുന്ന കോതമംഗലം കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ അധീനതയിൽ പ്രവർത്തിക്കുന്ന കാളിയാർ

എസ്.എം.എച്ച്.എസ്.എസ്. ലെ ശ്രീ. നോബിൻ ജോർജ്ജ്, ജീസ് എം. അലക്സ് എന്നീ അധ്യാപകർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 5192/2018 മേൽ ബഹു. കോടതി പുറപ്പെടുവിച്ച 08/03/2018-ലെ വിധിന്യായത്തിലൂടെ ഒരു കാര്യം വ്യക്തമാക്കപ്പെടുകയുണ്ടായി. എയ്ഡഡ് സ്കൂളുകളിൽ നടത്തപ്പെടുന്ന വ്യവസ്ഥാപിത ഒഴിവിലെ നിയമനങ്ങൾക്ക് മാനേജ്മെൻ്റ് ബോണ്ട് സമർപ്പിക്കാൻ വിസമ്മതിച്ചതിൻ്റെ ഒറ്റകാരണത്താൽ നിയമനാംഗീകാരം നിഷേധിക്കുന്നത് സാമാന്യ നീതിയുടെ നിഷേധമാകയാൽ ബോണ്ട് വെച്ചതായി കണക്കാക്കി (Deemed Provision) ആവിധം തടസ്സപ്പെട്ട നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

ഇതേ മാനേജ് മെൻ്റ് വക വിവിധ സ്കൂകൂളുകളിൽ 2006-2007 മുതൽ 2009-2010 വരെയുള്ള കാലയളവിൽ പുതിയ ഡിവിഷൻ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി. ലത റ്റി. ജോസഫും മറ്റ് 11 പേരും ചേർന്ന് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 19313/2024 ൽ 30/05/2024-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ) നം. 205/2025/GEdn തീയതി 08/01/2025 പ്രകാരം മേൽ ഉദ്ധരിച്ച 12 പേരുടെയും 2006-07, 2009-10-ലെ കാലയിളവിലെ പുതിയ ഡിവിഷൻ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾക്ക് നിയമന തീയതി മുതൽ തന്നെ അംഗീകാരം നൽകാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ പുതിയ ഡിവിഷൻ ഒഴിവിൽ 02/06/2008 മുതൽ നിയമിതയായ എൻ്റെ നിയമനത്തിനും 02/06/2008 മുതൽ 31/05/2011 വരെ യു.പി.എസ്.എ. തസ്തികയിലെ എൻ്റെ നിയമനത്തിനും നിയമനാംഗീകാരം നൽകാൻ വേണ്ടുന്ന നിർദ്ദേശം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർക്കു നൽകണമെന്ന് ഹർജിക്കാരൻ അപേക്ഷിച്ചു.

എന്നാൽ 'Deemed Provision' ബോണ്ടായാലും 12/01/2010-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥയായാലും മാനേജ്മെൻ്റിന് അസ്വീകാര്യം ആയതിനാൽ സുപ്രീം കോടതിയിൽ ഇവ ചോദ്യം ചെയ്ത് മാനേജ്മെൻ്റ് സംയുക്തമായി എസ്.എൽ.പി. ഫയൽ ചെയ്തിരിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഈ

സാഹചര്യത്തിൽ റിട്ട് ഹർജി നം. 5192/2018 ന്മേൽ ബഹു.കോടതി 08/03/2018-ൽ പുറപ്പെടുവിച്ചിട്ടുള്ള വിധി ന്യായത്തിന്റെ അന്തസന്ത ഉൾക്കൊണ്ടുകൊണ്ടും ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള എസ്.എൽ.പി. യുടെ അന്തിമ വിധിയ്ക്ക് വിധേയമായും 02/06/2008 മുതൽ 31/05/2011 വരെയുള്ള എൻ്റെ യു.പി.എസ്.എ. തസ്തികയിൽ കിഴക്കേക്കര സെന്റ് മേരീസ് എച്ച്.എസ്.എസ്.ലെ 2006-07-ലെ പുതിയ തസ്തികയിലെ നിയമനത്തിന് എല്ലാ സാമ്പത്തിക ആനുകൂല്യത്തോടും അംഗീകാരം നൽകുവാൻ വേണ്ടുന്ന ഉത്തരവും നൽകണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

**3.പൊതു വിദ്യാഭ്യാസ ഓഫീസർമാരുടെ വാദം പൊതുവിൽ താഴെ പറയും പ്രകാരമായിരുന്നു :**

കിഴക്കേക്കര സെന്റ് മേരീസ് എച്ച്.എസ്. ലെ 2006 വർഷത്തെ യുപിഎസ്ടി അധിക തസ്തിക ഒഴിവിൽ 2/6/2008 മുതൽ ശ്രീമതി സുസമ്മ എം സി യെ മാനേജർ നിയമിച്ചു. ജി.ഒ.(പി) 10/10/പൊ.വി.വ. ഉത്തരവ് അനുസരിച്ച് അധിക തസ്തികകൾക്ക് തുല്യമായി ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന സത്യവാങ് മൂലം സ്കൂൾ മാനേജർ സമർപ്പിച്ചില്ല എന്നതിനാൽ ടിയാളുടെ നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി. തുടർന്ന് സർക്കാർ ഉത്തരവ് 199/2011/പൊ.വി.വ. പ്രകാരം അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി ടിയാളുടെ നിയമനം 1/6/2011 മുതൽ അംഗീകരിച്ചു നൽകിയിരുന്നു. നിയമന തീയതിയായ 2/6/2008 മുതൽ 31/5/2011 വരെയുള്ള നിയമനം അംഗീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. ജി.ഒ. (പി) നം 199/2011/പൊ.വി.വ. പ്രകാരം 1/6/2011 മുതൽ മാത്രമേ നിയമനം അംഗീകരിയ്ക്കാൻ കഴിയുകയുള്ളു എന്നതിനാലാണ് 1/6/2011 മുതൽ നിയമനം അംഗീകരിച്ചതെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി നിയമനം 12.1.2010 തീയതിയിലെ ജി.ഒ.(പി)നം.10/10./പൊവി.വ. ഉത്തരവിന്റെ പരിധിയിൽ വരുന്ന നിയമനമാണ്. മാനേജർ ടി ഉത്തരവ് പ്രകാരം

ബോണ്ട് സമർപ്പിച്ചിരുന്നുവെങ്കിൽ നിയമനം നിയമന തീയതി മുതൽ തന്നെ അംഗീകരിച്ച് നൽകുമായിരുന്നു. **2/6/2008** മുതൽ **31/5/2011** വരെയുള്ള നിയമനം ഒഴിവ് വ്യവസ്ഥാപിതമാണെങ്കിൽ ഇത്തരം കേസുകളിൽ സർക്കാർ നിലവിലെ ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ നിയമനം അംഗീകരിച്ചു നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി നിയമനവും അപ്രകാരം പരിഗണിയ്ക്കാവുന്നതാണെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു .

**4.**സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സെന്റ് മേരിസ് എച്ച്.എസ്. കിഴക്കേക്കര സ്കൂളിൽ **2006** വർഷത്തെ അധിക തസ്തിക ഒഴിവിൽ **02.06.2008** മുതൽ ശ്രീമതി. സൂസമ്മ.എം.സി. യെ നിയമിച്ചു. **G.O.(P)No. 10/10/GEDN** അനുസരിച്ച് അധിക തസ്തികൾക്ക് തുല്യമായി ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന് സത്യവാങ്മൂലം സ്കൂൾ മാനേജർ സമർപ്പിച്ചില്ല എന്ന കാരണത്താൽ ടിയാരിയുടെ നിയമനം നിരസിക്കപ്പെട്ടു. **01.06.2011** മുതൽ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം അംഗീകരിച്ചു. എന്നാൽ നിയമന തീയതിയായ **02.06.2008** മുതൽ **31.05.2011** വരെയുള്ള നിയമനം അംഗീകരിച്ചു കിട്ടണമെന്ന് അഭ്യർത്ഥിച്ചാണ് ടിയാൾ അപ്പീൽ നൽകിയിട്ടുള്ളത്. ഇതേ മാനേജ്മെന്റിന്റെ സ്കൂളുകളിൽ അടക്കം **2006-2007** മുതൽ **2009-2010** വരെയുള്ള കാലയളവിൽ പുതിയ ഡിവിഷനുകളിൽ നിയമിക്കപ്പെട്ട പലർക്കും ബഹു.ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ നിയമനതീയതി മുതൽ അംഗീകാരം ലഭിച്ചിട്ടുണ്ട് .

**5.**മേൽ സാഹചര്യത്തിൽ, കിഴക്കേക്കര സെന്റ് മേരീസ് എച്ച്.എസ്.എസ്.ലെ യു.പി.എസ്.എ. ശ്രീമതി സൂസമ്മ.എം.സി. യുടെ **02/06/2008** മുതൽ **31/05/2011** വരെയുള്ള നിയമനം, ഈ കാലയളവിലെ ഒഴിവ് വ്യവസ്ഥാപിതമെങ്കിലും, ടി നിയമനം മറ്റ് എല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിലും, **12/01/2010** തീയതിയിലെ ജി.ഒ.(പി)നം.**10/10**/പൊവി.വ. ഉത്തരവ് പ്രകാരമുള്ള ബോണ്ട് സ്ക്കൂൾ മാനേജർ സമർപ്പിച്ചതായി

കണക്കാക്കി **(Deemed Provision)**, സ്ക്കൂൾ മാനേജ്മെന്റ് ബഹു സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള എസ്.എൽ.പി.(സി) യിലെ അന്തിമ വിധിക്ക് വിധേയമായി അംഗീകരിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനുള്ള നിർദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു നൽകി, കിഴക്കേക്കര സെന്റ് മേരീസ് എച്ച്.എസ്.എസ്.ലെ യു.പി.എസ്.എ. ശ്രീമതി സൂസമ്മ.എം.സി. സർക്കാരിൽ സമർപ്പിച്ച റിവിഷൻ അപ്പീൽ **(Ext P3)** തീർപ്പാക്കി, അപ്രകാരം **WP(C)No.13820/2025** മേൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എആൻറ് ഇ/ആഡിറ്റ്), തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

ശ്രീമതി സൂസമ്മ.എം.സി,യു.പി.എസ്.എ., സെന്റ് മേരീസ് എച്ച്.എസ്.എസ്, കിഴക്കേക്കര

പൊതുവിദ്യാഭ്യാസ (ജെ എ) വകുപ്പ്, **(GE- JA1/426/2025-GEDN dtd,19.11.2025)**

വിവര പൊതുജന സമ്പർക്ക ( വെബ്ആന്റ്ന്യൂമീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി )

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 23-12-2025 12:18:51

സെക്ഷൻ ഓഫീസർ